# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE:24.04.2024 TIME : 12.50 PM

## പ്രധാന വാർത്തകൾ

1. രണ്ടാംഘട്ട ലോക്സഭ തിരഞ്ഞെടുപ്പിനുള്ള പരസ്യപ്രചാരണം ഇന്ന് അവസാനിക്കും. വോട്ടെടുപ്പ് മറ്റന്നാൾ.
   **Campaigning for second phase of Lok Sabha Elections to end this evening, Polling will be held on Friday.**

2. അന്തിമഘട്ട പ്രചാരണം ശക്തമാക്കി മുന്നണികൾ, കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ ആലപ്പുഴയിൽ പ്രചാരണത്തിനെത്തി. എല്ലാ മണ്ഡലങ്ങളിലും വിജയപ്രതീക്ഷ പങ്കുവച്ച് കോൺഗ്രസും സിപിഐഎമ്മും.
   **Political parties intensified the final phase of poll campaigns. Union Minister and senior BJP leader Amit Shah attended a public meeting in Alappuzha. CPIM and Congress expressed hopes for victory in all the 20 constituencies in Kerala.**

3. ലോക്സഭാ തിരഞ്ഞടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിനായി എല്ലാ വോട്ടർമാരും മുന്നോട്ട് വരണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ.
   **Chief Electoral Officer of Kerala Sanjay Koul urged the voters to come forward to cast their votes.**

4. ദേശീയ പഞ്ചായത്തി രാജ് ദിനത്തിൽ ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
   **Prime Minister Narendra Modi greeted the nation on Panchayati Raj Day.**

5. ഐപിഎല്ലിൽ ഇന്ന് ഡൽഹി ക്യാപ്പിറ്റൽസ് , ഗുജറാത്ത് ടൈറ്റൻസിനെ നേരിടും.
   **In IPL Cricket, Delhi Capitals to take on Gujarat Titans today.**

&&&&&&&&&&&&&&&&

## HEADLINE – 1
## ELECTION PUBLIC CAMPAIGN

രണ്ടാംഘട്ട ലോക്സഭ തിരഞ്ഞെടുപ്പിനുള്ള പരസ്യപ്രചാരണം ഇന്ന് വൈകിട്ട് ആറു മണിയ്ക്ക് അവസാനിക്കും. കേരളമുൾപ്പെടെ 13 സംസ്ഥാനങ്ങളിലെയും ജമ്മുകശ്മീരിലെയും 89 മണ്ഡലങ്ങളിലാണ് മറ്റന്നാൾ വോട്ടെടുപ്പ്. അവസാനവട്ട പ്രചാരണത്തിൻറെ തിരക്കിലാണ് മുന്നണികൾ. ഇന്ന് വൈകുന്നേരം നടക്കുന്ന ആവേശകരമായ കൊട്ടിക്കലാശത്തോടെയാണ് പരസ്യപ്രചാരണത്തിന് സമാപനമാവുക. തുടർന്നുള്ള 48 മണിക്കൂറിൽ നിശബ്ദ പ്രചാരണം മാത്രമാണ് അനുവദിച്ചിരിക്കുന്നത്. ഈ സമയപരിധിയിൽ ഉച്ചഭാഷിണികളുടെ ഉപയോഗം, ജാഥകൾ പ്രകടനങ്ങൾ എന്നിവയ്ക്ക് അനുവാദമില്ല. നിയമവിരുദ്ധമായി ആളുകൾ കൂട്ടം ചേരുകയോ പൊതുയോഗങ്ങൾ സംഘടിപ്പിക്കുകയോ ചെയ്യുന്നതിനും വിലക്കുണ്ട്. വോട്ടെടുപ്പ് പൂർത്തിയാകുന്നത് വരെയുള്ള 48 മണിക്കൂർ മദ്യവിതരണത്തിനും വിൽപനക്കും നിരോധനം ഏർപ്പെടുത്തിയിട്ടുണ്ട്. അവസാനഘട്ട വോട്ടെടുപ്പ് പൂർത്തിയായി അരമണിക്കൂർ കഴിയും വരെ എക്സിറ്റ് പോളുകൾക്കും നിരോധനമുണ്ട്. ഏപ്രിൽ 26 ന് രാവിലെ 7 മുതൽ വൈകിട്ട് 6 വരെയാണ് വോട്ടെടുപ്പ്. ജൂൺ നാലിനാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&&

## HEADLINE – 2
## KERALA - CAMPAIGN

കേരളത്തിലെ 20 ലോക്സഭാ മണ്ഡലങ്ങളിലായി രണ്ട് കോടി 77 ലക്ഷത്തി 49,159 വോട്ടർമാരാണ് മറ്റന്നാൾ സമ്മതിദാനാവകാശം വിനിയോഗിക്കുക. ഇതിൽ 5

ലക്ഷത്തി 34,394 പേർ കന്നി വോട്ടർമാരാണ്. 194 സ്ഥാനാർത്ഥികൾ സംസ്ഥാനത്ത് മത്സരരംഗത്തുണ്ട്. വോട്ടെടുപ്പിനായി 25,229 പോളിങ്ങ് ബൂത്തുകളാണ് സജ്ജീകരിച്ചിരിക്കുന്നത്. പരസ്യപ്രചാരണം ഇന്ന് വൈകുന്നേരം ആറ് മണിയ്ക്ക് അവസാനിക്കാനിരിക്കേ ദേശീയ നേതാക്കളെ ഉൾപ്പടെ രംഗത്തെത്തിച്ച് സംസ്ഥാനത്ത് പ്രചാരണം കൊഴുപ്പിച്ചിരിക്കുകയാണ് മുന്നണികൾ. കേന്ദ്ര ആഭ്യന്തര മന്ത്രിയും ബിജെപി നേതാവുമായ അമിത് ഷാ ഇന്ന് ആലപ്പുഴയിൽ എൻഡിഎ പ്രചാരണത്തിനായി എത്തി. ഇന്ത്യയെ മൂന്നാമത്തെ സാമ്പത്തിക ശക്തിയാക്കി മാറ്റാനുള്ള തിരഞ്ഞെടുപ്പാണ് ഇതെന്ന് പുന്നപ്ര കാർമൽ കോളേജ് ഗ്രൗണ്ടിൽ നടന്ന പൊതു യോഗത്തിൽ അദ്ദേഹം പറഞ്ഞു. പോപ്പുലർ ഫ്രണ്ടിനെതിരെ രൂക്ഷവിമർശനം ഉയർത്തിയ അദ്ദേഹം കോൺഗ്രസ് കമ്യൂണിസ്റ്റ് പാർട്ടികൾ പോപ്പുലർ ഫ്രണ്ടിന് സഹായം നൽകുന്നതായും ആരോപണമുയർത്തി. കേരളത്തിൽ 20 സീറ്റിലും യു ഡി എഫ് വിജയിക്കുമെന്ന് എ ഐ സി സി അധ്യക്ഷൻ മല്ലികാർജുൻ ഖാർഗെ തിരുവനന്തപുരത്തെ കെ പി സി സി ആസ്ഥാനത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. തൊഴിലില്ലായ്മക്കെതിരെയാണ് കോൺഗ്രസിന്റെ സമരമെന്നും മല്ലികാർജുൻ ഖാർഗെ വ്യക്തമാക്കി. ഈ തിരഞ്ഞെടുപ്പിൽ എൽ ഡി എഫ് പുതു ചരിത്രം രചിക്കുമെന്ന് സി പി ഐ എം സംസ്ഥാന സെക്രട്ടറി എം വി ഗോവിന്ദൻ തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു. 20 മണ്ഡലങ്ങളിലും വിജയ പ്രതീക്ഷയോടെ പ്രവർത്തിക്കാൻ എൽ ഡി എഫിന് സാധിച്ചതായും അദ്ദേഹം അഭിപ്രായപ്പെട്ടു.

&&&&&&&&&&&&&&&&&

## NATIONAL ELECTION

കേരളത്തിനുപുറമേ കർണാടകയിലെ 14 ഉം, രാജസ്ഥാനിലെ 13 ഉം ഉത്തർപ്രദേശ്, മഹാരാഷ്ട്ര സംസ്ഥാനങ്ങളിലെ എട്ട് വീതം മണ്ഡലങ്ങളിലും, മധ്യപ്രദേശിൽ എഴിടത്തും മറ്റന്നാളാണ് വോട്ടടുപ്പ്. അസം, ബിഹാർ എന്നിവിടങ്ങളിലെ അഞ്ച് വീതം സീറ്റുകളിലും, ഛത്തീസ്ഗഡ്, പശ്ചിമബംഗാൾ എന്നിവിടങ്ങളിൽ മൂന്ന് വീതം മണ്ഡലങ്ങളിലും മണിപ്പൂരിലെയും, ത്രിപുരയിലെയും ജമ്മുകശ്മീരിലെയും ഓരോ മണ്ഡലത്തിലും രണ്ടാം ഘട്ടത്തിലാണ് വോട്ടെടുപ്പ്. കേന്ദ്രമന്ത്രിമാരും, സംസ്ഥാന മന്ത്രിമാരും ഉൾപ്പെടെ നിരവധി പ്രമുഖരാണ് ഈ ഘട്ടത്തിൽ ജനവിധി തേടുന്നത്. 1,210 സ്ഥാനാർത്ഥികൾ രണ്ടാം ഘട്ടത്തിൽ മത്സരരംഗത്തുണ്ട്. പ്രമുഖ നേതാക്കൾ വിവിധ സസ്ഥാനങ്ങളിൽ പ്രചാരണം തുടരുകയാണ്.

&&&&&&&&&&&&&&&&

## HEADLINE – 3
## CEO SANJAY KOUL

ലോക്സഭാ തിരഞ്ഞടുപ്പിൽ വോട്ട് രേഖപ്പെടുത്തുന്നതിനായി എല്ലാ വോട്ടർമാരും മുന്നോട്ട് വരണമെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ. രാജ്യത്തിൻറെ ഭാവി നിർണയിക്കുന്നതിൽ ഓരോ വോട്ടും പ്രധാനമാണെന്നും അദ്ദേഹം ഓർമിപ്പിച്ചു. സംസ്ഥാനത്തെ പോളിങ്ങ് ബൂത്തുകൾ വോട്ടെടുപ്പിനായി പൂർണമായും സജ്ജമാണ്. വെയിലും മഴയുമേൽക്കാതെ ക്യൂ നിൽക്കുന്നതിനുള്ള സംവിധാനവും കുടിവെള്ളം, ശൗചാലയം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളും ബൂത്തുകളിൽ ഒരുക്കിയിട്ടുണ്ട്. വയോധികർക്കായി പ്രത്യേക ക്യൂ, രക്ഷിതാക്കൾക്കൊപ്പമെത്തുന്ന കുട്ടികൾക്കായി ക്രഷ് സംവിധാനം, ഭിന്നശേഷിക്കാർക്കായി

റാമ്പുകൾ, വീൽ ചെയർ സൗകര്യം എന്നിവയും ഒരുക്കിയിട്ടുണ്ടെന്ന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ അറിയിച്ചു. വോട്ടർ ഐഡി കാർഡുകൾ കൈവശമില്ലാത്തവർക്ക് ഫോട്ടോ പതിച്ച മറ്റ് 12 അംഗീകൃത തിരിച്ചറിയൽ രേഖകൾ ഉപയോഗിച്ച് വോട്ട് ചെയ്യാമെന്നും ശ്രീ സഞ്ജയ് കൗൾ വ്യക്തമാക്കി.

(ഹോൾഡ്)

&&&&&&&&&&&&&&&&

## ARUNACHAL PRADESH POLLING

അരുണാചൽ പ്രദേശിലെ 8 പോളിംഗ് സ്റ്റേഷനുകളിൽ ഇന്ന് റീപോളിംഗ് നടക്കുന്നു. അരുണാചൽ വെസ്റ്റ് പാർലമെൻ്റ് മണ്ഡലത്തിൽപ്പെട്ട, 4 നിയമസഭാ മണ്ഡലങ്ങളിലെ ബൂത്തുകളിലാണ് റീപോളിങ്ങ് കനത്ത സുരക്ഷയിൽ പുരോഗമിക്കുന്നത്.

&&&&&&&&&&&&&&&&

## PRESIDENT

കാലാവസ്ഥാ വ്യതിയാനം ലോകത്തെ ആകെ ബാധിച്ചിരിക്കുന്ന ഈ കാലഘട്ടത്തിൽ ഭൂമിയിലെ ജൈവ വൈവിധ്യങ്ങൾ സംരക്ഷിക്കേണ്ട ഉത്തരവാദിത്തം മനുഷ്യർക്കുണ്ടെന്ന് രാഷ്ട്രപതി ദ്രൗപദി മുർമു. മനുഷ്യരും വന്യജീവികളും തമ്മിലുള്ള സംഘർഷം ലഘൂകരിക്കുന്നതിൽ വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വലിയ പങ്കു വഹിക്കാനാകുമെന്നും രാഷ്ട്രപതി പറഞ്ഞു. ഡെറാഡൂണിലെ ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ഇന്ത്യൻ ഫോറസ്റ്റ് സർവീസ് പ്രൊബേഷണേഴ്സിന്റെ ബിരുദദാന ചടങ്ങിനെ അഭിസംബോധന ചെയ്യുകയായിരുന്നു രാഷ്ട്രപതി.

&&&&&&&&&&&&&&&&

## HEADLINE – 4

## PM-PANCHAYATI RAJ DAY

ദേശീയ പഞ്ചായത്തി രാജ് ദിനത്തിൽ ആശംസകൾ നേർന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ഗ്രാമീണ ഇന്ത്യയെ പരിവർത്തനം ചെയ്യാനും ജനങ്ങൾക്ക് മികച്ച ജീവിത സാഹചര്യം ഉറപ്പു വരുത്താനുമുള്ള പ്രവർത്തനങ്ങളെ അദ്ദേഹം അഭിനന്ദിച്ചു. പഞ്ചായത്തി രാജ് സ്ഥാപനങ്ങളെ ശാക്തീകരിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ ശ്രമങ്ങൾ തുടരുമെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു.

&&&&&&&&&&&&&&&&

## PM MODI-ICDRI

മെച്ചപ്പെട്ട നാളേക്കായി സുസ്ഥിര അടിസ്ഥാനസൗകര്യങ്ങളിൽ നിക്ഷേപം നടത്തേണ്ടത് അനിവാര്യമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. ദുരന്തങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ള സുസ്ഥിര അടിസ്ഥാന സൗകര്യങ്ങളെക്കുറിച്ചുള്ള ആറാമത് അന്താരാഷ്ട്ര സമ്മേളനത്തെ വീഡിയോ സന്ദേശത്തിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ദുരന്തങ്ങളുടെ ആഘാതം സമ്പത്തിന്റെ അടിസ്ഥാനത്തിൽ കൂടി വിലയിരുത്തപ്പെടേണ്ടതുണ്ടെന്ന് പ്രധാനമന്ത്രി പറഞ്ഞു. പുതിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിലും ദുരന്താനന്തര പുനർനിർമ്മാണ ശ്രമങ്ങളിലും സുസ്ഥിരത ഉറപ്പ് വരുത്തേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ചൂണ്ടിക്കാട്ടി. ദുരന്തങ്ങളുടെ ആഘാതം അതിരുകൾക്കപ്പുറം ബാധിക്കപ്പെടുന്ന ഈ കാലത്ത് രാജ്യങ്ങൾക്കിടയിൽ കൂട്ടായ പ്രയത്നം അനിവാര്യമാണെന്നും പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു.

ന്യൂഡൽഹിയിൽ നടക്കുന്ന സമ്മേളനം നാളെ സമാപിക്കും.

&&&&&&&&&&&&&&&&

## BULLET PROOF JACKET - DRDO

വെടിയുണ്ടകളിൽ നിന്നും മികച്ച സംരക്ഷണം ഉറപ്പ് നൽകുന്ന ഭാരം കുറഞ്ഞ ബുള്ളറ്റ് പ്രൂഫ് ജാക്കറ്റ് വികസിപ്പിച്ച് ഇന്ത്യയുടെ പ്രതിരോധ ഗവേഷണ വികസന സ്ഥാപനം. ചണ്ഡീഗഢിലെ ബാലിസ്റ്റിക് റിസർച് ലബോറട്ടറിയിൽ നടന്ന ബുള്ളറ്റ് പ്രൂഫ് ജാക്കറ്റിന്റെ പരീക്ഷണം വിജയകരമായിരുന്നെന്ന് ഡി.ആർ.ഡി.ഒ അറിയിച്ചു. പരമാവധി സംരക്ഷണം ഉറപ്പ് വരുത്തുന്നതിനൊപ്പം ധരിക്കാനുള്ള സൗകര്യം കൂടി കണക്കിലെടുത്താണ് ഇത് രൂപകല്പന ചെയ്തിട്ടുള്ളത്.

&&&&&&&&&&&&&&&&

## NIA-ATTARI DRUG CASE

പഞ്ചാബിലെ അട്ടാരി അതിർത്തിയിലൂടെയുള്ള മയക്കുമരുന്ന് കടത്ത് കേസിലെ പ്രധാന പ്രതിയെ ദേശീയ അന്വേഷണ ഏജൻസി അറസ്റ്റ് ചെയ്തു. ഉത്തർപ്രദേശിലെ ഷാംലി സ്വദേശിയായ തഹ്സീമിനെയാണ് എൻഐഎ അറസ്റ്റ് ചെയ്തത്. 2022 ഏപ്രിലിൽ അഫ്ഗാനിസ്ഥാനിൽ നിന്ന് അട്ടാരി ചെക്ക് പോസ്റ്റ് വഴി ഇന്ത്യയിലേക്ക് കടത്തിയ ഏകദേശം 700 കോടി രൂപ വിലമതിക്കുന്ന 103 കിലോഗ്രാം ഹെറോയിൻ കസ്റ്റംസ് ഉദ്യോഗസ്ഥർ പിടികൂടിയിരുന്നു.

&&&&&&&&&&&&&&&&

## HEADLINE – 5

## IPL

ഐപിഎല്ലിൽ ഇന്ന് ഡൽഹി ക്യാപ്പിറ്റൽസ് , ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. രാത്രി 7.30-ന് ഡൽഹിയിലെ അരുൺ ജയ്റ്റ്ലി സ്റ്റേഡിയത്തിലാണ് മത്സരം. പോയിൻറ് പട്ടികയിൽ ഗുജറാത്ത് ആറാമതും, ഡൽഹി എട്ടാമതുമാണ്. ഇന്നലെ നടന്ന മത്സരത്തിൽ ചെന്നൈ സൂപ്പർ കിങ്സിനെതിരെ ലഖ്നൗ സൂപ്പർ ജയൻറ്സ് ആറ് വിക്കറ്റിന് വിജയിച്ചു.

&&&&&&&&&&&&&&&&

## ISL

ഐഎസ്എൽ ഫുട്ബോളിൽ, സെമി ഫൈനൽ ആദ്യപാദ മത്സരത്തിൽ ഇന്ന് ഗോവ - മുംബൈ സിറ്റിയെ നേരിടും. രാത്രി 7.30ന് ഗോവയിലെ ഫത്തോർദ സ്റ്റേഡിയത്തിലാണ് മത്സരം. ഇന്നലെ നടന്ന ആദ്യപാദ സെമിയിൽ ഒഡീഷ എഫ് സി - മോഹൻ ബഗാനെ ഒന്നിനെതിരെ രണ്ടു ഗോളുകൾക്ക് പരാജയപ്പെടുത്തി. ഇരുടീമുകളും തമ്മിലുള്ള രണ്ടാം പാദ സെമിഫൈനൽ, ഈ മാസം 28ന് കൊൽക്കത്തയിൽ വെച്ച് നടക്കും.

&&&&&&&&&&&&&&&&

## US-TIKTOK

ടിക് ടോക് നിരോധന ബില്ലിന് അമേരിക്കൻ സെനറ്റിൻറെ അംഗീകാരം. തുടർ നടപടിക്കായി ബിൽ യുഎസ് പ്രസിഡൻറ് ജോ ബൈഡന് കൈമാറും. പ്രസിഡൻറ് ഒപ്പുവക്കുന്നതോടെ ടിക്ക് ടോക്ക് നിരോധനം അമേരിക്കയിൽ പ്രാബല്യത്തിൽ വരും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&